**ഭരണഭാഷ-മാതൃഭാഷ**

**കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ**

പിൻ കോഡ്- **673032**

**GSTIN:32AAALS4147A5ZE**

ഫോൺ നമ്പർ : **0495-2365040**

https://kozhikodecorporation.lsgkerala.gov.in, secretarykkd@gmail.com

നമ്പർ: 159046-2024 തീയതി : 07-03-2024

**ലേലം/ടെണ്ടർ പരസ്യം**

കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ അധീനതയിൽ "ടേക്ക് എ ബ്രേക്ക്" പദ്ധതിക്ക് കീഴിൽ സജ്ജീകരിച്ചിട്ടുള്ള 1)മലാപറമ്പ്, 2)കാളൂർ റോഡ്, 3)രണ്ടാം റെയിൽവേ ഗേറ്റ്, 4) പി ടി ഉഷ റോഡ് എന്നിവിടങ്ങളിലെ പറയുന്ന ടോയ്‌ലറ്റ് കം കഫ്റ്റീരിയ ബ്ലോക്കുകൾ പ്രതിമാസ ലൈസൻസ് ഫീസ് വ്യവസ്ഥയിൽ ഏറ്റെടുത്ത് നടത്തുന്നതിനും പരിപാലിക്കുന്നതിനും മത്സരാടിസ്ഥാനത്തിലുള്ള ഓപ്പൺ ടെണ്ടർ ക്ഷണിക്കുന്നു.

TAKE A BREAK കെട്ടിടങ്ങൾ നിലവിൽ ഉള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി **18-03-2024** രാവിലെ 11.00 മണിവരെ ടെണ്ടർ സ്വീകരിക്കുന്നതും, അന്നേ ദിവസം 11.30 മണി മുതൽ ലേല നടപടികൾ ആരംഭിക്കുന്നതുമാണ്. പങ്കെടുക്കുന്നവർ തിരിച്ചറിയൽ രേഖ ഹാജരാക്കേണ്ടതാണ്. പ്രസ്തുത TAKE A BREAK കെട്ടിടങ്ങൾതാഴെ പറയും പ്രകാരമുള്ള നിരതദ്രവ്യം കെട്ടി വയ്ക്കേണ്ടതാണ്

| ക്രമനം | സ്ഥലം | അടിസ്ഥാന പ്രതിമാസ ലൈസൻസ് ഫീ | നിരത ദ്രവ്യം |
|---|---|---|---|
| 1 | മലാപറമ്പ് | 20000 | 1 ലക്ഷം |
| 2 | കാളൂർ റോഡ് | 20000 | 1 ലക്ഷം |
| 3 | രണ്ടാം റെയിൽവേ ഗേറ്റ് | 30000 | 2 ലക്ഷം |
| 4 | പി ടി ഉഷ റോഡ് | 40000 | 2 ലക്ഷം |

വിശദവിവരങ്ങൾക്ക് കോർപ്പറേഷൻ ഓഫീസ് നോൺ ടാക്സ് വിഭാഗവുമായി ബന്ധപ്പെടുക.

ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി

കോഴിക്കോട് നഗരസഭ

കോഴിക്കോട് കോർപ്പറേഷൻ
Non Tax

## ഭരണഭാഷ-മാതൃഭാഷ

**കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ**

**പിൻ കോഡ്- 673032**

**GSTIN:32AAALS4147A5ZE**

**ഫോൺ നമ്പർ : 0495-2365040**

**https://kozhikodecorporation.lsgkerala.gov.in, secretarykkd@gmail.com**

നമ്പർ: 159046-2024 തീയതി : 07-03-2024

**ലേലം/ടെണ്ടർ നിബന്ധനകൾ**

1. കോഴിക്കോട് നഗരപരിധിയിൽ എത്തുന്ന പൊതു ജനങ്ങൾക്ക് വൃത്തിയുള്ളതും ആധുനിക സൌകര്യങ്ങളോട്കൂടിയതുമായ പൊതു ശൌചാലയങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ടി സംവിധാനം മികച്ച രീതിയിൽ നടത്തിക്കൊണ്ടു പോകുന്നതിനുള്ള ചെലവു കണ്ടെത്തുന്നതിനാണ് കഫ്റ്റീരിയ സജ്ജമാക്കിയിരിക്കുന്നത്.

2. നിലവിലുള്ള അവസ്ഥയിലും സ്ഥലത്തും സൌകര്യത്തിലുമാണ് നടത്തിപ്പിനായി ടേക്ക് എ ബ്രേക്ക് അനുവദിക്കുന്നത്.

3. ടോയ്ലെറ്റ് ബ്ലോക്ക് ആധുനിക രീതിയിൽ Mechanised cleaning സംവിധാനം ഉപയോഗിച്ച് എയർപോർട്ടുകളിലെ ശൌചാലയങ്ങളോട് കിടപിടിക്കത്തക്ക രീതിയിൽ പരിപാലിക്കേണ്ടതാണ് .

4. ശൌചാലയങ്ങൾ എല്ലാ ദിവസവും 24 മണിക്കൂറും പൊതുജനങ്ങൾക്ക് ഉപയോഗിക്കത്തക്ക രീതിയിൽ സോകര്യം ഏർപ്പെടുത്തേണ്ടാതാണ്

5 ടേക്ക് എ ബ്രേക്കിന്റെ ചുറ്റുപാടും വൃത്തിയായി സൂക്ഷിക്കേണ്ടതും ഗ്രീൻ പ്രോട്ടോകോൾ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

6 ശൌചാലയങ്ങൾ ഉപയോഗിക്കുന്നവരിൽ നിന്നും കോർപ്പറേഷൻ നിശ്ചയിക്കുന്ന നിരക്കിലുള്ള യൂസർ ചാർജ്ജ് ഈടാക്കാവുന്നതും ആയതിന്റെ നിരക്കുകൾ വ്യക്തമായി പൊതുജനങ്ങൾക്ക് കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

7 ടേക്ക് എ ബ്രേക്ക് സംവിധാനത്തിന്റെ ഉടമസ്ഥാവകാശം പൂർണ്ണമായും കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കുന്നതും അനുവദിക്കപ്പെട്ട സ്ഥലത്ത് യാതൊരു വിധത്തിലുള്ള കൂട്ടിച്ചേർക്കലുകൾ നടത്തുകയോ നിലവിലുള്ള അവസ്ഥയിൽ മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടില്ലാത്തതുമാണ് .

8 കഫ്റ്റീരിയ പ്രവർത്തിപ്പിക്കുന്നതിന് ഭക്ഷ്യസുരക്ഷ വകുപ്പ് ഉൾപ്പടെയുള്ള വകുപ്പുകളിൽ നിന്നും ആവശ്യമായ അനുമതി ലൈസൻസികൾ വാങ്ങിയിരിക്കേണ്ടാതാണ്.

9.കുടിവെള്ളം. മാലിന്യ സംസ്കരണം എന്നിവ ലൈസൻസി സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ഏർപ്പെടുത്തേണ്ടതാണ്.

10 ഇലക്ട്രിസിറ്റി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ ലൈസൻസി സ്വന്തം ചെലവിൽ വഹിക്കേണ്ടതാണ് .

11.ലൈസൻസി യാതൊരു കാരണവശാലും അനുവദിക്കപ്പെട്ട ടേക്ക് എ ബ്രേക്ക് മറ്റൊരാൾക്ക് കൈമാറുകയോ പാർട്ട്ണർ ഉടമ്പടി ചമക്കുകയോ, കച്ചവട സ്വഭാവം മാറ്റുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

12 ലൈസൻസ് കാലാവധി പരമാവധി 3 വർഷ കാലയളവിലേക്കായിരിക്കും അനുവദിക്കുക. ലൈസൻസ് കാലാവധിക്ക് ശേഷം ലൈസൻസ് പുതുക്കി അനുവദിക്കുന്ന പക്ഷം കൌൺസിൽ തീരുമാനത്തിനു വിധേയമായി

ലൈസൻസ് ഫീസിൽ 20 ശതമാനമോ അല്ലെങ്കിൽ അതാത് കാലങ്ങളിൽ കൌൺസിൽ നിശ്ചയിക്കുന്ന നിരക്കിലോ വർധനവ് വരുത്തുന്നതാണ് .

13. കാലാകാലങ്ങളിൽ കോർപ്പറേഷൻ കൌൺസിൽ /സർക്കാർ എടുക്കുന്ന തീരുമാനങ്ങളും ഉത്തരവുകളും ടേക്ക് എ ബ്രേക്കിന്റെ പ്രവർത്തനത്തിന് ബാധകമായിരിക്കും.

14. കോർപ്പറേഷൻ കടമുറികൾ ലൈസൻസ് ഫീസ് വ്യവസ്ഥയിൽ അനുവദിക്കുന്നത് സംബന്ധിച്ച ബൈലോ/ ആക്റ്റ് പ്രകാരമുള്ള വ്യവസ്ഥകളും നിബന്ധനകളും അനുസരിച്ച് പ്രവർത്തിക്കുന്നതിനു ലൈസൻസി ബാധ്യസ്ഥനാണ് .

15. ടെണ്ടർ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിണോ ഉള്ള അധികാരം കോർപ്പറേഷൻ കൌൺസിലിൽ നിക്ഷിപ്തമായിരിക്കും .

16. ലൈസൻസ് ഫീസ് ചെക്ക്/നെഫ്റ്റ്/ആർടിജിഎസ് മുഖേന ഒടുക്കുന്ന സന്ദർഭങ്ങളിൽ ലൈസൻസിയുടെ സ്വന്തം പേരിലുള്ള അക്കൗണ്ട് മുഖേന മാത്രം ആയത് അടവാക്കേണ്ടതാണ് .

17 അനുവദിക്കപ്പെട്ട ലൈസൻസ്, കാലാവധിക്ക് മുൻപ് റദ്ദ് ചെയ്യുന്നതിനോ ഭേദഗതി വരുത്തുന്നതിനോ കോർപ്പറേഷന് അധികാരമുണ്ടയിരിക്കുന്നതാണ്.

18 പ്രസ്തുത കെട്ടിടവും പരിസരവും ഏത് സമയത്തും പരിശോധിക്കുന്നതിനും പ്രവർത്തനം തൃപ്തികരമല്ലെന്നു കാണുന്ന പക്ഷം കരാർ അവസാനിപ്പിക്കുന്നതിനും കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

19.ലേലം/ടെണ്ടർ ൽ പങ്കെടുക്കുന്നവർ ലേലം/ടെണ്ടറിന് മുമ്പേ തിരിച്ചറിയൽ കാർഡ് ഹാജരാക്കേണ്ടതാണ്.

20.ലേലത്തിൽ പങ്കെടുക്കുന്നവർ രാവിലെ 11.00 മണിക്ക് മുമ്പ് ലേലം നടത്തുന്ന ഉദ്യോഗസ്ഥർ മുമ്പാകെ നിശ്ചിത നിരതദ്രവ്യം കെട്ടിവെക്കുകയോ നഗരസഭ സെക്രട്ടറിയുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയ്ക്കുള്ള ഡിമാൻറ് ഡ്രഫ്റ്റ് ഹാജരാക്കുകയോ ചെയ്യേണ്ടതാണ്. ടെണ്ടർ സമർപ്പിക്കുന്നവർ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഹാജരാക്കേണ്ടതും, നഗരസഭ സെക്രട്ടറിയുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയ്ക്കുള്ള ഡിമാൻറ് ഡ്രാഫ്റ്റ്/ നഗരസഭ ഫണ്ടിൽ തുക ഒടുക്കിയതിനുള്ള രസീതി എന്നിവ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്.

21.ലേലത്തിൽ പങ്കെടുക്കുന്നവർ ആയതിന് മുമ്പ് പ്രസ്തുത കെട്ടിടങ്ങൾ നേരിട്ട് കണ്ട് ബോധ്യപ്പെടേണ്ടതാണ്. ലേലം/ടെണ്ടർ കൗൺസിൽ അംഗീകരിച്ചശേഷം എന്തെങ്കിലും ന്യൂനത കാണിച്ചുകൊണ്ട് മുറി ഏറ്റെടുക്കാതിരുന്നാൽ ആയതിന് കോർപ്പറേഷൻ ഉത്തരവാദിയായിരിക്കുന്നതല്ല. ലേല നിബന്ധനകൾ പാലിക്കുന്നില്ലെങ്കിൽ ഡെപ്പോസിറ്റ് കണ്ടുകെട്ടി നഷ്ടോത്തരവാദിത്വത്തിൽ ലേലം/ടെണ്ടർ നടത്തുന്നതാണ്.

22. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം/ടെണ്ടർ ക്വാട്ട് ചെയ്യുന്നവർക്ക് ലേലം താല്കാലികമായി സ്ഥിരപ്പെടുത്തുന്നതും, ഒന്നും രണ്ടും സ്ഥാനക്കാരുടേതൊഴികെയുള്ള നിരതദ്രവ്യം അന്നുതന്നെ തിരിച്ച് നൽകുന്നതാണ്. 2-ാം സ്ഥാനക്കാരൻറെ നിരതദ്രവ്യം, ലേലം/ടെണ്ടർ കൗൺസിൽ അംഗീകരിച്ച ശേഷം തിരിച്ചു നൽകുന്നതാണ്. നിരതദ്രവ്യത്തിലോ, ഡെപ്പോസിറ്റിലോ യാതൊരുവിധ പലിശയും നൽകുന്നതല്ല.

23.ടേക്ക് എ ബ്രേക്കുകളുടെ ഡെപ്പോസിറ്റ് തുക, ക്വാട്ട് ചെയ്യുന്ന പ്രതിമാസ ലൈസൻസ് ഫീ തുകയുടെ 12 ഇരട്ടി ആയിരിക്കും എന്നിരുന്നാലും **പി ടി ഉഷ റോഡ് ടേക്ക് എ ബ്രേക്കിൻറെ ഏറ്റവും കുറഞ്ഞ ഡെപോസിറ്റ് തുക 15 ലക്ഷം രൂപയും മലാപ്പറമ്പ്, കാളൂർ റോഡ്, രണ്ടാം റെയിൽവേ ഗേറ്റ് എന്നീ ടേക്ക് എ ബ്രേക്കുകൾ ഓരോന്നിൻറെയും ഏറ്റവും കുറഞ്ഞ ഡെപ്പോസിറ്റ് തുക 10 ലക്ഷം രൂപയും** ആയിരിക്കും.

24.**രണ്ടാം റെയിൽവേ ഗേറ്റ് TAKE A BREAK ഏറ്റെടുക്കുന്ന ലൈസൻസി വലിയങ്ങാടി പോലീസ് ക്വാർട്ടേഴ്സിന് സമീപത്തുള്ള ശുചിമുറിയുടെ നടത്തിപ്പും പരിപാലനവും കൂടി ഏറ്റെടുക്കേണ്ടതാണ്.**

25.ഏതെങ്കിലും കാരണത്താൽ ലേലം/ടെണ്ടർ പ്രസ്തുത ദിവസം നടക്കാതെ വരികയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസങ്ങളിൽ നടത്തുന്നതാണ്.

ജോയൻറ് കോർപ്പറേഷൻ സെക്രട്ടറി

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

കോഴിക്കോട് കോർപ്പറേഷൻ Non Tax റവന്യൂ വിഭാഗം